മനേലി എൽ. ഐ. സ്കീമിന് ഭരണാനുമതി

117 (2029) ശ്രീ. പി. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറവൂർ നിയോജകമണ്ഡലത്തിലെ മനേലി എൽ.ഐ. സ്കീമിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; 1999-2000 മാണ്ടിലെ ബഡ്ജറ്റിൽ ഈ വർക്ക് ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര രൂപ ; എത്ര ശതമാനം ആണ് ഇത് ;

(ബി) സർക്കാർ അംഗീകരിച്ച നോംസ് അനുസരിച്ച് വർക്ക് ടെണ്ടർ ചെയ്യുന്നതിന് എ.എസും-ടി.എസും നൽകുന്നതിന് എത്ര ശതമാനം തുക ഉണ്ടാകണം ; മനേലി എൽ.ഐ. സ്കീമിന് അതനുസരിച്ച തുക നീക്കി വെച്ചിട്ടുണ്ടോ ; എ.എസും-ടി.എസും നൽകാനും ടെണ്ടർ വിളിക്കാനും എന്തെങ്കിലും തടസ്സം ഉണ്ടോ ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) മനേലി എൽ.ഐ. സ്കീമിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ് ; 1999-2000 മാണ്ടിലെ ബഡ്ജറ്റിൽ എത്ര രൂപ നീക്കിവച്ചിട്ടുണ്ട് ; അത് ബഡ്ജറ്റിന്റെ എത്ര ശതമാനമാണ് ; ഈ വർക്കിന് അനുമതി നൽകാൻ ഇതംഗീകരിച്ച നോംസ് അനുസരിച്ച് എത്രശതമാനം തുക വേണമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഭരണാനുമതി നൽകിയിട്ടില്ല. 1999-2000 മാണ്ടിലെ ബഡ്ജറ്റിൽ ഈ പദ്ധതിക്ക് 15.00 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. ഇത് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് തുകയുടെ 27.27 ശതമാനമാണ്.

(ബി) വർക്കുകൾ ടെണ്ടർ ചെയ്യുന്നതിന് ഭരണാനുമതി ലഭിച്ച തുകയുടെ 70% തുക ബഡ്ജറ്റിൽ ഉണ്ടായിരിക്കേണ്ടതാണ്. മനേലി എൽ.ഐ. സ്ക്കീമിന് എസ്റ്റിമേറ്റ് തുകയുടെ 27.27% ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ സ്കീമിന് ഭരണാനുമതി ആവശ്യപ്പെട്ടുകൊണ്ട് 55 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറിൽ നിന്നും ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ സർക്കാർ ആവശ്യപ്പെട്ടിട്ടുള്ള ചില വിവരങ്ങൾ ഡിവിഷൻ ഓഫീസുകളിൽ നിന്നും ലഭിക്കാനുണ്ട്. വിവരങ്ങൾ ലഭിച്ചുകഴിഞ്ഞാൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കി അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) തുകയിന് കൊടുത്ത ഉത്തരങ്ങൾ കണ്ടാലും.

മനേലി എൽ. ഐ. സ്കീം

118 (2030) ശ്രീ. പി. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000 മാണ്ടിലെ ബഡ്ജറ്റിൽ എത്ര എൽ. ഐ. സ്കീമുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട് ; അവ ഏതൊക്കെ ; ഓരോന്നിനും എത്ര തുക വീതം ; ഈ വർഷം ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന് നീക്കിവച്ചിരിക്കുന്ന തുക എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പറവൂർ നിയോജകമണ്ഡലത്തിലെ ആലങ്ങാട് പഞ്ചായത്തിലെ മനേലി എൽ.ഐ. സ്കീമിന് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകാൻ എന്താണ് തടസ്സം ; ഇത് സംബന്ധിച്ച് ഇപ്പോൾ സംസ്ഥാന സർക്കാർ അംഗീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തൊക്കെയാണ് ,

(സി) മനേലി എൽ ഐ. സ്കീമിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ് ; ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിന്റെ സ്ഥിതി എന്താണ് എന്ന് വ്യക്തമാക്കാമോ , ലിഫ്റ്റ് ഇറിഗേഷൻ വർക്കുകൾക്കും മൈനർ ഇറിഗേഷൻ വർക്കുകൾക്കും ഭരണാനുമതി ലഭിക്കുവാൻ എന്തെങ്കിലും തടസ്സം ഉണ്ടോ , എങ്കിൽ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1999-2000-മാണ്ടിൽ വല്ലച്ചിറ പഞ്ചായത്തിലെ വല്ലച്ചിറ എൽ.ഐ സ്കീം, പുത്രിക പഞ്ചായത്തിലെ കുടുംബനാട് എൽ.ഐ സ്കീമിന്റെ പുനരുദ്ധാരണ പണികൾ, പുത്തൻവേലിക്കര പഞ്ചായത്തിലെ കണക്കൻകടവ് എൽ.ഐ സ്കീം എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് കൂടാതെ മനേലി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കും ആലപ്പാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കും ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ട്. ഇവയുടെ ഭരണാനുമതി ലഭിച്ച തുകയും ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള തുകയും ചുവടെ ചേർക്കുന്നു.

സ്കീം	എസ്റ്റിമേറ്റ്	ബഡ്ജറ്റ് തുക
(1) വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി	78,15,000	5,70,000
(2) പുത്രിക പഞ്ചായത്തിലെ കുടുംബനാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പുനരുദ്ധാരണ പണികൾ	5,28,000	3,00,000
(3) പുത്തൻവേലിക്കര പഞ്ചായത്തിലെ കണക്കൻ കടവ് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പുനരുദ്ധാരണ പണികൾ.	69,27,000	15,80,000
(4) മനേലി എൽ. ഐ. സ്കീം	-	15,00,000
(5) ആലപ്പാറ എൽ ഐ. സ്കീം		5,00,000

(ബി) പറവൂർ നിയോജകമണ്ഡലത്തിലെ മനേലി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ ചില വിവരങ്ങൾ ഡിവിഷൻ ഓഫീസുകളിൽ നിന്നും ലഭിക്കാനുണ്ട്. 20-3-1999 മുതൽ ആറുമാസത്തേക്ക് എല്ലാവിധ ജലസേചന ജോലികൾക്കും ഭരണാനുമതി നൽകുന്നത് നിർത്തിവച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മനേലി എൽ.ഐ. സ്കീമിന്റെ എസ്റ്റിമേറ്റ് തുക 55 ലക്ഷം രൂപയാണ്. ഈ സ്കീമിന് ഈ വർഷത്തെ ബഡ്ജറ്റിൽ 15 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. 20-3-1999 മുതൽ ആറ് മാസത്തേയ്ക്ക് എല്ലാവിധ ജനസേചന ജോലികൾക്കും ഭരണാനുമതി നൽകുന്നത് നിർത്തിവച്ചിട്ടുണ്ട്.

നഗരങ്ങളിലെ ഡ്രെയിനേജ് സൗകര്യം

119 (2031) ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിലെ ഡ്രെയിനേജ് സൗകര്യം വിപുലീകരിക്കുവാനും മെച്ചപ്പെടുത്തുവാനും സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് ;

(ബി) ഡ്രെയിനേജ് നെറ്റുവർക്കുകളിൽ അനുവദനീയമല്ലാത്ത മാലിന്യങ്ങളും മഴവെള്ളവും മറ്റും കടത്തി വിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് തടയുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിൽ നിലവിലുള്ള സീവറേജ് പദ്ധതിയുടെ പുനരുദ്ധാരണ പണികൾ മാത്രമാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. കണ്ണേറ്റുമുക്കു മുതൽ കുര്യാത്തിവരെ 1200 മി. മീറ്റർ വ്യാസമുള്ള കോൺക്രീറ്റു കുഴലുകൾ സ്ഥാപിക്കുക, കുര്യാത്തി മുതൽ മുട്ടത്തറവരെ 900 മി.മി. വ്യാസമുള്ള ഡി.ഐ. പൈപ്പുകൾ (പമ്പിംഗ് മെയിൻ) സ്ഥാപിക്കുക, കുര്യാത്തിയിൽ സീവറേജ് പമ്പിംഗ് സ്റ്റേഷൻ സ്ഥാപിക്കുക. പേട്ട, കണ്ണമ്മൂല, കേശവദാസപുരം, പാങ്ങോട്, പേരൂർക്കട എന്നിവിടങ്ങളിൽ പുതിയ ഡ്രെയിനേജ് പൈപ്പുകൾ സ്ഥാപിക്കുക എന്നീ പണികൾ നടന്നു വരുന്നു. കൂടാതെ ശേഷികുറഞ്ഞ കുഴലുകൾ മാറ്റി പകരം വ്യാസം കൂടിയ പുതിയ കുഴലുകൾ സ്ഥാപിക്കുക, സാദ്ധ്യമായ ഭാഗങ്ങളിൽ പുതിയ കുഴലുകൾ സ്ഥാപിക്കുക എന്നിവ പണത്തിന്റ ലഭ്യതയനുസരിച്ച് നടപ്പിലാക്കിവരുന്നു.

കൊല്ലം മുനിസിപ്പൽ ഏരിയായിൽ കൊല്ലം ഡ്രെയിനേജ് സ്കീം പദ്ധതി 1980-ൽ തുടങ്ങുകയുണ്ടായി. ഇപ്പോൾ ഈ പദ്ധതി മുടങ്ങിക്കിടക്കുന്നു. ഫണ്ടിന്റെ അഭാവവും യഥാസമയം സംസ്ക്കരണശാല, പമ്പുഹൗസ് എന്നിവയുടെ സ്ഥലം ലഭിക്കാതിരുന്നതും പണികൾ മുടങ്ങാൻ കാരണമായി. ഇനി ഒരു പുതിയ പ്രോജക്ട് റിപ്പോർട്ട് തയാറാക്കിയതിനുശേഷം മാത്രമേ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

(ബി) ഉണ്ട്.

(സി) ഇത് തടയുവാനുള്ള നടപടിയുടെ ഭാഗമായി ഇക്കാര്യം തിരുവനന്തപുരം നഗരസഭാ അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. വാട്ടർ അതോറിറ്റി നടപ്പിലാക്കിയിട്ടുള്ള സീവറേജ് സംവിധാനത്തിൽ കക്കൂസ്, കുളിമുറി, അടുക്കള എന്നിവിടങ്ങളിൽ നിന്നുള്ള മലിനജലം മാത്രമേ കടത്തിവിടാൻ അനുവദിച്ചിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly